(സി) ഈ കേസ്സുകളിലെ പ്രതികൾ ആരെല്ലാമാണ്; അവരെ അറസ്റ്റ് ചെയ്തുവോ;

(ഡി) ഇവരുടെ കൊലപാതകത്തെ തുടർന്ന് ബേപ്പൂരിലും പരിസരപ്രദേശത്തും എന്തെല്ലാംവിധത്തിലുള്ള അക്രമ പ്രവർത്തനങ്ങൾ നടന്നു;

(ഇ) അത് സംബന്ധിച്ച് കേസ്സ് എടുത്തുവോ; എങ്കിൽ ആ കേസ്സുകളിലെ പ്രതികൾ ആരെല്ലാമാണ്;

(എഫ്) അവരുടെ രാഷ്ട്രീയ ബന്ധം എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&(സി) രണ്ടു കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു,

(ഡി),(ഇ)&(എഫ്) തീ വയ്പ്, ഭവനകൈയേറ്റം, സാധനങ്ങൾ നശിപ്പിക്കൽ തുടങ്ങിയ അക്രമപ്രവർത്തനങ്ങൾ നടന്നു. ഇതു സംബന്ധിച്ച് രജിസ്റ്റർ ചെയ്ത 23 കേസ്സുകളായി 145 പ്രതികൾ ഉണ്ട്. പ്രതികളെല്ലാം ബി.ജെ.പി./ആർ.എസ്.എസ്. പ്രവർത്തകരാണ്.

45 (1405) മലപ്പുറം ജില്ലയിൽ രജിസ്റ്റർ ചെയ്ത മോഷണകേസ്സുകൾ

ശ്രീ. ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറംജില്ലയിലെ അരിക്കോട്, മഞ്ചേരി, കൊണ്ടോട്ടി എന്നീ പോലീസ് സ്റ്റേഷനുകളിൽ 1996, 1997, 1998 എന്നീ വർഷങ്ങളിൽ എത്ര മോഷണകേസ്സുകൾ വീതം രജിസ്റ്റർ ചെയ്യപ്പെട്ടു;

(ബി) ഇതിൽ ഓരോ സ്റ്റേഷനിലും എത്ര കേസ്സുകൾ തെളിയിക്കപ്പെട്ടു എന്നും, എത്ര കേസ്സുകൾ തെളിയിക്കപ്പെടാൻ ബാക്കിയുണ്ടെന്നും അറിയിക്കുമോ?

ഉത്തരം

(എ) അരിക്കോട്, മഞ്ചേരി, കൊണ്ടോട്ടി, എന്നിവിടങ്ങളിൽ 1996-ൽ യഥാക്രമം 10,38,27 കേസ്സുകളും 1997-ൽ യഥാക്രമം 15,39,68 കേസ്സുകളും 1998-യഥാക്രമം 19,36,44 കേസ്സുകളും രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്.

(ബി) അരിക്കോട്, മഞ്ചേരി, കൊണ്ടോട്ടി, എന്നിവിടങ്ങളിൽ 1996-ൽ യഥാക്രമം 6,21,20 കേസ്സുകളും 1997-ൽ യഥാക്രമം 9,20,38 കേസ്സുകളും; 1998-ൽ യഥാക്രമം 14,23,25 കേസ്സുകളും മാത്രമേ തെളിയിക്കപ്പെടാൻ അവശേഷിക്കുന്നുള്ളൂ.

46 (1406) പെൺകുട്ടികളുടെ മരണം സംബന്ധിച്ച അന്വേഷണം

ശ്രീമതി കെ.കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

1992-ൽ കണ്ണൂർ ജില്ലയിലെ ആലക്കോട് ശ്രീജ. സവിത എന്നീ പെൺ കുട്ടികൾ റെയിൽ പാളത്തിൽ മരിച്ചുകിടക്കാനിടയായ സംഭവത്തെക്കുറിച്ച് പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ എന്ത് നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പ്രസ്തുത സംഭവത്തെക്കുറിച്ച് ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിയിട്ടുണ്ട്. അന്വേഷണത്തിൽ പെൺകുട്ടികൾ ജീവിത നൈരാശ്യംമൂലം ആത്മഹത്യ ചെയ്തു എന്ന് വെളിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അന്തിമ റിപ്പോർട്ട് തലശ്ശേരി സബ് ഡിവിഷണൽ കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്.

47 (1407) ബദിയടുക്കയിൽ കുഞ്ഞിക്കണ്ണൻ എന്ന തൊഴിലാളി കൊല ചെയ്യപ്പെട്ട സംഭവം

ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബദിയടുക്ക പോലീസ് സ്റ്റേഷനതിർത്തിയിലെ ബദിയടുക്ക യിൽ കുഞ്ഞിക്കണ്ണൻ എന്ന തൊഴിലാളി കൊലചെയ്യപ്പെട്ട സംഭവം സർക്കാ രിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(സി) ഈ കേസ്സിലെ പ്രതികൾ ആരൊക്കെയാണ്;

(ഡി) മാസങ്ങൾ കഴിഞ്ഞിട്ടും പ്രതികളെ അറസ്റ്റ് ചെയ്യാത്തത് എന്തു കൊണ്ടാണ് എന്ന് അറിയിക്കുമോ;

(ഇ) പ്രതികളെ സംരക്ഷിക്കാൻ പോലീസ് തന്നെ ശ്രമിക്കുന്നുണ്ട് എന്നുള്ള ആരോപണം പരിശോധിക്കുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്.

(സി)&(ഡി) കേസ് അന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നു.

(ഇ) ആരോപണം അടിസ്ഥാനരഹിതമാണ്.

48 (1408) അമ്പലത്തറയിൽ അജി എന്ന ആളുടെ മരണം സംബ ന്ധിച്ച അന്വേഷണം

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ അമ്പലത്തറ വാർഡിൽ ടി.സി. 48/728-ലെ അജി എന്നയാളെ പോലീസ് ഓടിച്ച് ആറ്റിൽ ചാടിച്ച് കൊലപ്പെടു ത്തിയതായി ആരോപിച്ചുകൊണ്ടുള്ള പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly